**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 972** **07-12-2022 - ൽ മറുപടിയ്ക്ക്**

**ഹോം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളുടെ അതിദാരിദ്ര്യം ഇല്ലാതാക്കി അവർക്ക് മികച്ച ജീവിതം നയിക്കുന്നതിനായി പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന ഹോം (ഹൗസ് ഹോൾഡ് ഓറിയേന്റഡ് മൈക്രോപ്ലാനിംഗ് ഫോർ എംപർമെന്റ്) പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ? | (എ) | പട്ടികജാതി പട്ടികവർഗ വിഭാഗത്തിൽപ്പെട്ട പിന്നാക്കാവസ്ഥയിലുള്ള കുടുംബങ്ങളെ സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കുന്നതിന് വേണ്ടി കുടുംബാധിഷ്ഠിത സൂക്ഷ്മതല ആസൂത്രണത്തിലൂടെ ഓരോ കുടുംബത്തിനും അനുയോജ്യമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതു ലക്ഷ്യമിട്ടു കൊണ്ട് സർക്കാർ വിഭാവനം ചെയ്യുന്ന പദ്ധതിയാണ് “HOME” (Household Oriented Micro planning for Empowerment ). ഇതിന്റെ ഭാഗമായി ആദ്യ ഘട്ടത്തിൽ അതി ദാരിദ്ര്യ പട്ടികയിൽ ഉൾപ്പെട്ട ദുർബല വിഭാഗത്തിൽപ്പെട്ട പട്ടിക വിഭാഗക്കാരെയും പ്രാക്തന ഗോത്ര വർഗങ്ങളെയും രണ്ടാം ഘട്ടത്തിൽ ശേഷിക്കുന്ന ദുർബല വിഭാഗങ്ങളെയും മൂന്നാം ഘട്ടത്തിൽ മറ്റു പട്ടികജാതി - പട്ടികവർഗ കുടുംബങ്ങളെയുമാണ് പരിഗണിക്കുന്നത് . നിലവിൽ പട്ടികജാതിയിലെ ദുർബല വിഭാഗങ്ങളായിട്ടുള്ള അരുന്ധതിയാർ , ചക്കിലിയൻ, കള്ളാടി , നായാടി , വേടൻ എന്നീ അഞ്ചു ഉപജാതി വിഭാഗങ്ങൾക്കായി പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് 19/08/2022-ലെ സ ഉ (കൈ ) നം40/2022 /പ ജ പ വി വ പ്രകാരം അനുമതി നൽകിയിട്ടുണ്ട് . |

സെക്ഷൻ ഓഫീസർ